നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 54 06-03-2012-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

**ചോദ്യം**

**ശ്രീമതി.പി.അയിഷാ പോറ്റി**
**ശ്രീ.കെ.രാധാകൃഷ്ണൻ**
**ശ്രീ.പി.റ്റി.എ.റഹീം**
**ശ്രീ.ബി.ഡി.ദേവസ്സി**

(എ) മുൻസർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ സമ്പൂർണ്ണകായിക ക്ഷമതാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

**മറുപടി**

**ശ്രീ.കെ.ബി.ഗണേഷ്കുമാർ**
**(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)**

(എ) കേരളത്തിൽ മുഴുവൻ ജനതയ്ക്കും സമ്പൂർണ്ണ കായികക്ഷമത കൈവരിക്കുക എന്നത് ലക്ഷ്യമാക്കി നടത്തിവരുന്ന ഒരു ശാസ്ത്രീയ കായിക ക്ഷമതാ പദ്ധതിയാണ് സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി.

പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസനക്ഷമതാ പരിപാടികളിൽ, പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 90%-ൽ അധികമാക്കുക.

2. ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 9 നും 17 നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടേയും കൗമാരക്കാരുടേയും അനുപാതം 60% -ൽ അധികമായി ഉയർത്തുക.

3. കുട്ടികളുടേയും കൗമാരക്കാരുടേയും ആരോഗ്യസംബന്ധമായ കായികക്ഷമതാ ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിയ്ക്കുക. 9 നും 17 നും ഇടയ്ക്കു പ്രായമുള്ള 100% കുട്ടികളും ഇത്തരം പരിശോധനാ പരിപാടിയിൽ പങ്കെടുക്കുന്നു എന്നുറപ്പുവരുത്തുക.

4. സ്കൂൾ കുട്ടികളുടെ ആരോഗ്യ സംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും, വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം വികസിപ്പിയ്ക്കുക.

5. ഔദ്യോഗികാംഗീകാരം നേടുന്നതിന് പ്രചോദനം നൽകുന്ന വിധം ഗ്രേഡിംഗ് രീതി വികസിപ്പിയ്ക്കുക.

6. ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള നിലവാരത്തിന് താഴെയുള്ളവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിയ്ക്കുക.

7. വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ടീച്ചേഴ്സ് ഗൈഡും, ദൃശ്യസഹായികളും വികസിപ്പിച്ചെടുക്കുക.

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്ന് ഇപ്പോൾ തിരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | (ബി) | ഇല്ല. |
| (സി) | ഈ ആവശ്യത്തിനായുള്ള വിവരശേഖരണം ഇപ്പോൾ നടത്തുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | ഉണ്ട്. |
| (ഡി) | വിദ്യാർത്ഥികളുടെ വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്തുന്നതിനായി അനുവദിച്ച സമയപരിധിക്കുള്ളിൽ വിവരങ്ങൾ പ്രസിദ്ധപ്പെടുത്താത്ത സ്കൂളുകൾക്ക് ഒരവസരം കൂടി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) | വിദ്യാർത്ഥികളുടെ വിവരങ്ങൾ വെബ്സൈറ്റിൽ രേഖപ്പെടുത്തുന്നതിനായി അനുവദിച്ച സമയപരിധിക്കുള്ളിൽ വിവരങ്ങൾ പ്രസിദ്ധപ്പെടുത്താത്ത സ്കൂളുകളുടെ അഭ്യർത്ഥന മാനിച്ച് 20 ദിവസം കൂടി സമയം അനുവദിച്ചിരുന്നു. ഇതനുസരിച്ച് പ്രസ്തുത തീയതിയിൽ ഇത് ബ്ലോക്ക് ചെയ്യുകയുണ്ടായി. |
| (ഇ) | ഫെബ്രുവരി മാസത്തോടെ അവസാനിക്കേണ്ട രണ്ടാംഘട്ട പരിശോധന പൂർത്തിയായോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ? | (ഇ) | രണ്ടാം ഘട്ട പരിശോധന പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ